പുഴകളിലും തടാകങ്ങളിലും നിക്ഷേപിക്കുന്ന മൽസ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കുവാൻ സംവിധാനം

49 [6015] ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുഴകളിലും തടാകങ്ങളിലും മൽസ്യം ചൂണ്ടയിട്ടുപിടിക്കുന്ന വിനോദം വഴി ടൂറിസ്റ്റുകളെ ആകർഷിക്കുവാൻ സാദ്ധ്യമാകുമെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ പുഴകളിലും തടാകങ്ങളിലും മൽസ്യം വളർത്താൻ നിക്ഷേപിക്കുന്ന മൽസ്യക്കുഞ്ഞുങ്ങളെ സംരക്ഷിക്കാൻ സംവിധാനം ഏർപ്പെടുത്താൻ ആലോചിച്ചിട്ടുണ്ടോ; അതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(സി) ഈ പദ്ധതിക്ക് എത്ര തുക ചെലവുവരുമെന്നാണ് പ്രതീക്ഷിക്കുന്നത്; ഈ പ്രോജക്ടിൽ സർക്കാർ/കേന്ദ്ര സർക്കാർ/സ്വകാര്യ മേഖലകളുടെ പങ്കാളിത്തമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇപ്പോൾ സംവിധാനം ഒന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല.

(സി) ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ) നടപ്പാക്കാൻ ഉദ്ദേശിക്കുന്ന മഹ്സീർ പദ്ധതിയുടെ അടങ്കൽതുക 106.5 ലക്ഷമാണ്. ഇതിൽ ഉദ്ദേശം 60 ലക്ഷം രൂപ ഹാച്ചറിക്കും ആംഗ്ളിംഗ് ക്ലബ്ബുകൾക്കും വേണ്ടിവരുമെന്ന് കരുതുന്നു. ഈ പദ്ധതിക്ക് വേണ്ടിവരുന്ന ചെലവ് കേന്ദ്ര സർക്കാരിൽനിന്ന് ലഭിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. തികയാതെ വരുന്ന തുക സംസ്ഥാന സർക്കാർ വഹിക്കണം. സ്വകാര്യ സംരംഭകരുടെ നിക്ഷേപം ഇല്ല.

ചെമ്മീനുകൾക്ക് ബാധിച്ച വൈറ്റ് സ്പോട്ട് സിൻഡ്രം എന്ന രോഗം തടയുന്നതിന് സ്വീകരിച്ച നടപടി

50 [6016] ശ്രീ. എ. കെ. ബാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദ സഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെമ്മീനുകൾക്ക് ബാധിച്ച വൈറ്റ് സ്പോട്ട് സിൻഡ്രം എന്ന രോഗം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഏതു വർഷം മുതലാണ് ഈ രോഗം പടർന്നുപിടിച്ചത്; ഈ രോഗം തടയുന്നതിന് സർക്കാർ സ്വീകരിച്ച നടപടി വിശദീകരിക്കാമോ;

(സി) ചെമ്മീൻ രോഗനിവാരണത്തിനാവശ്യമായ നടപടിയുടെ വിശദാംശം വെളിപ്പെടുത്തുമോ;

(ഡി) ഈ രോഗത്തിന്റെ ഭാഗമായി എത്ര കോടി രൂപയുടെ നഷ്ടമാണ് സംസ്ഥാനത്തിനുണ്ടായിട്ടുള്ളത്?

LIBRARY ARCHIVES Kerala Legislative Assembly